സെപ്തംബർ - ഒക്ടോബർ 2021

# മുസിരിസ് വാർത്ത

www.muzirisheritage.org muzirisheritage



## പറവൂർ- കൊടുങ്ങല്ലൂരിലെ പരമ്പരാഗത സ്വർണ്ണപ്പണി;

# മാറുന്ന മുഖച്ഛായ

message




**ഡോ. വേണു വി. IAS**
അഡീഷണൽ ചീഫ് സെക്രട്ടറി,
വിനോദസഞ്ചാര വകുപ്പ്, കേരളസർക്കാർ


ഇന്ത്യയുടെ തെക്കുപടിഞ്ഞാറൻ തീരത്തെ ഹരിത കവാടമായ കേരളം, അതിന്റെ പടിഞ്ഞാറ് വിശാലമായ അറബിക്കടലിനും കിഴക്ക് പശ്ചിമഘട്ടത്തിനും ഇടയിൽ ഒതുങ്ങിക്കിടക്കുന്നു. വൈവിധ്യമാർന്ന പ്രകൃതിദത്തവും സാംസ്കാരികവുമായ ആകർഷണങ്ങളുള്ള ഈ ഉഷ്ണമേഖലാ ഭൂപ്രദേശം വിദൂരദിക്കുകളിൽ നിന്നുള്ള യാത്രക്കാരെ ആകർഷിച്ചു വരുന്നു. ഇത് മനസ്സിലാക്കി, സന്ദർശകരെ ഏറ്റവും ആകർഷിക്കുന്ന തരത്തിൽ ലക്ഷ്യസ്ഥാനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ഉൽപന്നങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്യാൻ ഡിപ്പാർട്ട്മെന്റ് എപ്പോഴും ആത്മാർത്ഥമായ പരിശ്രമം നടത്തിയിട്ടുണ്ട്.
സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക മാർഗങ്ങളിൽ സമൂഹത്തിന് പ്രയോജനം ചെയ്യുന്നതിനായി ഉത്തരവാദിത്ത ടൂറിസത്തിലേക്കുള്ള നീക്കം ടൂറിസം വകുപ്പ് ഇതിനകം ആരംഭിച്ചിട്ടുണ്ട്.

മുസിരിസ് പൈതൃക പദ്ധതി പൈതൃകം സംരക്ഷിക്കാനുള്ള ദൗത്യത്തിലാണ് പ്രവർത്തിക്കുന്നത്, ഈ തത്ത്വചിന്തയാണ് അതിന്റെ കാതൽ. മുസിരിസ് പദ്ധതി പ്രദേശങ്ങൾക്ക് മഹത്തായ പൈതൃക ശേഷിയുണ്ട്, വിനോദത്തിലൂടെയും വിദ്യാഭ്യാസത്തിലൂടെയും അവധിക്കാല വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള പ്രോജക്റ്റിന്റെ പരിശ്രമം കൂടുതൽ കൃത്യമായി അറിയപ്പെടും. പദ്ധതിയുടെ ആകർഷണം തീർച്ചയായും അതിന്റെ കായലുകളുടെ ശൃംഖലയാണ് - അതിനെ ചുറ്റിപ്പറ്റിയാണ് പ്രദേശത്തിന്റെ ദൈനംദിന ജീവിതം. മുസിരിസിലെയും ആലപ്പുഴയിലെയും പ്രധാനപ്പെട്ട പൈതൃക സ്മാരകങ്ങളും അവശിഷ്ടങ്ങളും സംരക്ഷിച്ച് സ്മാരക മ്യൂസിയങ്ങളാക്കി മാറ്റാനുള്ള ശ്ലാഘനീയമായ പരിശ്രമമാണ് മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗത്തുനിന്ന് പൂർത്തീകരിക്കാൻ പോകുന്നത്. സംഗീതം, കലകൾ, ജലാശയങ്ങളുടെ തീരത്ത് സ്ഥിതി ചെയ്യുന്ന സ്മാരകങ്ങൾ എന്നിവയുൾപ്പെടെ ആയിരം വർഷത്തിലേറെ പഴക്കമുള്ള പ്രകൃതിദത്തവും സാംസ്കാരികവുമായ ഘടകങ്ങളുടെ സമ്പന്നമായ പാരമ്പര്യം ഈ പ്രദേശത്തിന്റെ മനോഹാരിത വർദ്ധിപ്പിക്കുകയും കേരളത്തെ യഥാർത്ഥത്തിൽ ദൈവത്തിന്റെ സ്വന്തം നാടാക്കി മാറ്റുകയും ചെയ്യുന്നു. പദ്ധതി പ്രദേശത്തിന്റെ സാംസ്കാരികവും പ്രകൃതിദത്തവുമായ സൗന്ദര്യം പുനരുജ്ജീവിപ്പിക്കാൻ പരിശ്രമിച്ച എല്ലാവർക്കും എന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ...



## കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രം

# അക്കോമഡേഷൻ ബ്ലോക്ക് ഉദ്ഘാടനം

മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിൽ നിർമ്മിക്കുന്ന അക്കോമഡേഷൻ ബ്ലോക്കിന്റെ നിർമാണ പ്രവർത്തനങ്ങൾ 11-9-2021ന് ബഹു. ദേവസ്വം മന്ത്രി കെ രാധാകൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു. ക്ഷേത്ര ദേവസ്വം നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമായി അനുവദിച്ച സ്ഥലത്ത് 1.88 കോടി ചെലവഴിച്ചാണ് കെട്ടിട നിർമ്മാണം.

വസൂരിമാല ക്ഷേത്രത്തിനു പടിഞ്ഞാറ് ഭാഗത്ത് 4500 ചതുരശ്ര അടിയിൽ ഇരുനില കെട്ടിടമാണ് മുസിരിസ് പൈതൃക പദ്ധതിയിലൂടെ നിർമ്മിച്ച് ക്ഷേത്ര ദേവസ്വത്തിന് കൈമാറുന്നത്. ക്ഷേത്രങ്ങളിൽ നിലനിൽക്കുന്ന ഭൗതീക സാഹചര്യങ്ങൾ ഭക്തജനങ്ങൾക്ക് ഗുണകരമല്ല എന്നും ആരാധന ക്രമങ്ങളും അനുഷ്ഠാനങ്ങളും ഒട്ടും ഭംഗമേൽക്കാതെ ഭൗതിക സാഹചര്യങ്ങൾ വിപുലീകരിക്കുമെന്നും മന്ത്രി കെ. രാധാകൃഷ്ണൻ പറഞ്ഞു.

അഡ്വ. വി.ആർ. സുനിൽകുമാർ എം എൽ എ അദ്ധ്യക്ഷത വഹിച്ചു. ബെന്നി ബെഹനാൻ എം.പി. മുഖ്യ പ്രഭാഷണം നടത്തി. കൊടുങ്ങല്ലൂർ നഗരസഭാ ചെയർപേഴ്സൺ എം.യു. ഷിനിജ, ദേവസ്വം ബോർഡ് പ്രസിഡന്റ് വി.നന്ദകുമാർ എന്നിവർ മുഖ്യാതിഥികളായി. വൈസ് ചെയർമാൻ കെ.ആർ. ജൈത്രൻ, മുസിരിസ് പൈതൃക പദ്ധതി എം ഡി, പി.എം. നൗഷാദ്, ദേവസ്വം ബോർഡ് പ്രസിഡന്റ് വി. നന്ദകുമാർ, ദേവസ്വം ബോർഡ് അംഗങ്ങൾ, നഗരസഭാ കൗൺസിലർമാർ തുടങ്ങിയവർ പ്രസംഗിച്ചു.





# മിശ്രഭോജനം നടന്ന ചരിത്രഭൂമി ഏറ്റെടുത്തു

സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ 'ഇടവപ്പാതിയിലെ ഇടിമുഴക്കം' എന്ന് വിശേഷിക്കപ്പെട്ട മിശ്രഭോജനം നടന്ന ചെറായി തുണ്ടിപറമ്പിലെ ചരിത്ര ഭൂമി സർക്കാർ ഏറ്റെടുത്തു. ഭൂമി ഏറ്റെടുത്തതിന്റെ ഔപചാരിക പ്രഖ്യാപനം സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ നിർവ്വഹിച്ചു. അടിച്ചമർത്തലുകളെ പറ്റി ഇന്നും തുറന്നു പറയാൻ നാം മടിക്കുകയാണെന്നും എന്നാൽ കെട്ടകാലത്ത് ധൈര്യപൂർവം കീഴാള ശബ്ദമായി മാറാൻ സഹോദരൻ അയ്യപ്പന് സാധിച്ചെന്നും മന്ത്രി പറഞ്ഞു. തുണ്ടിപറമ്പിലെ 3 സെന്റ് സ്ഥലം 16 ലക്ഷം രൂപയ്ക്കാണ് മുസിരിസ് പൈതൃക പദ്ധതി ഏറ്റെടുത്തത്. സഹോദരൻ അയ്യപ്പൻ സ്മാരക ഹാളിൽ നടന്ന പ്രഖ്യാപന സമ്മേളനത്തിൽ





കെ. എൻ. ഉണ്ണികൃഷ്ണൻ എം എൽ എ അദ്ധ്യക്ഷത വഹിച്ചു. മുൻ എം എൽ എ എസ്. ശർമ്മ, മുസിരിസ് പ്രൊജക്റ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പി.എം. നൗഷാദ്, വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ, ജില്ലാ പഞ്ചായത് മെമ്പർ അഡ്വ. എം.ബി. ഷൈനി, പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രമണി അജയൻ, മെമ്പർ ഷീല ഗോപി സ്മാരക കമ്മിറ്റി വൈസ് പ്രസിഡന്റ് സിപി പള്ളിപ്പുറം, സെക്രട്ടറി ഒ.കെ. കൃഷ്ണകുമാർ, കമ്മിറ്റി അംഗമായ ഡോ. കെ.കെ. ജോഷി, രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകർ എന്നിവർ പങ്കെടുത്തു.




# അവാർഡ് ജേതാവിന് സ്വീകരണം

കൊടുങ്ങല്ലൂർ ഫിലിം സൊസൈറ്റി, കൊടുങ്ങല്ലൂർ നഗരസഭ, മുസിരിസ് ഹെറിറ്റേജ് പ്രൊജക്റ്റ് എന്നിവ ചേർന്ന് മികച്ച ഡോക്യുമെന്ററിക്കുള്ള സംസ്ഥാന ടെലിവിഷൻ അവാർഡ് നേടിയ നന്ദകുമാർ തോട്ടത്തിലിന് സ്വീകരണം നൽകി. അവാർഡിനർഹമായ ഡോക്യുമെന്ററി മുസിരിസ് കൺവെൻഷൻ സെന്ററിൽ വച്ച് പ്രദർശിപ്പിച്ചു. നഗരസഭ ചെയർപേഴ്സൺ എം.യു. ഷിനിജ അദ്ധ്യക്ഷത വഹിച്ചു. ഫിലിം സൊസൈറ്റി സെക്രട്ടറി ഇ. എം. ഫാരിസ്, കൊടുങ്ങല്ലൂർ ഫിലിം സൊസൈറ്റി രക്ഷാധികാരിയും, സംവിധായകനും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാനുമായ കമൽ, മുസിരിസ് ഹെറിറ്റേജ് പ്രൊജക്റ്റ് മാർക്കറ്റിങ് മാനേജർ ഇബ്രാഹിം സബിൻ എന്നിവർ ഉപഹാരങ്ങൾ നൽകി. വൈസ്ചെയർമാൻ കെ ആർ ജൈത്രൻ, നഗരസഭ കൗൺസിലർ പി.എൻ. വിനയചന്ദ്രൻ, കോൺഗ്രസ്സ് നേതാവും, താലൂക്ക് ഗ്രാമ വികസന ബാങ്ക് ചെയർമാനുമായ ടി.എം. നാസർ, എന്നിവർ സംസാരിച്ചു. നന്ദകുമാർ തോട്ടത്തിൽ ഡോക്യുമെന്ററി ചിത്രീകരണ അനുഭവങ്ങൾ പങ്കുവച്ചു. ഫിലിം സൊസൈറ്റി സെക്രട്ടറി ഇ.എം. ഫാരിസ് സ്വാഗതവും, മ്യൂസിയം മാനേജർ സജ്ന വസന്തരാജ് നന്ദിയും പറഞ്ഞു.



## ശുചിത്വ ഭാരതം

ഭാരതത്തിന്റെ 75-ാം സ്വാതന്ത്ര്യ ദിനാചരണത്തോടനുബന്ധിച്ച് ശുചിത്വ ഭാരതം പരിപാടിയുടെ ഭാഗമായി നെഹ്റു യുവകേന്ദ്ര തൃശ്ശൂരും, നാഷണൽ സർവ്വീസ് സ്കീമും സംയുക്തമായി സംഘടിപ്പിച്ച യോഗം മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ ഭവനത്തിൽ ഒക്ടോബർ 21ന് നടന്നു.

ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീന പറയങ്ങാട്ടിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ എറിയാട് പഞ്ചായത്ത് പ്രസിഡന്റ് കെ.പി. രാജൻ, മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.കെ. ഗിരിജ, സ്വച്ഛഭാരതമിഷൻ തൃശ്ശൂർ ജില്ലാ കോർഡിനേറ്റർ ബിജിത്ത് ബി.എൽ, മതിലകം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി.എസ്. സലീഷ്, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് മെമ്പർ സുഗത ശശിധരൻ, ഹഫ്സൽ, വത്സമ്മ ടീച്ചർ, പി കെ അസിം, അംബിക ശിവപ്രിയാൻ, നജ്മൽ ഷക്കീർ, സുമിത ഷാജി, കെ.ജി. ശശിധരൻ, ഡോ.ബിനു, യുവകേന്ദ്ര ജില്ലാ ഓഫീസർ സി. ബിൻസി, മുസിരിസ് മാർക്കറ്റിംഗ് മാനേജർഇബ്രാഹിം സബിൻ, മ്യൂസിയം മാനേജർ ഡോ. മിഥുൻ സി.ശേഖർ എന്നിവർ പങ്കെടുത്തു. തുടർന്ന് വൊളന്റിയർമാർ മുസിരിസ് മുനക്കൽ ബീച്ചിൽ പ്ലാസ്റ്റിക് ശേഖരണവും ശുചീകരണ പ്രവർത്തനവും നടത്തി.



ഹോളിക്രോസ് ചർച്ച് ഭാരവാഹികൾ മുസിരിസ് ഓഫീസ് സന്ദർശിച്ചപ്പോൾ











# ബോട്ടിങ്ങ്

## പൊയ്യ പഞ്ചായത്ത് – ബോട്ടിങ്ങ്

മുസിരിസ് പൈതൃക പദ്ധതി ജനപ്രധിനിധികൾക്കായി 18-9-2021ൽ ജലയാത്ര സംഘടിപ്പിച്ചു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തിയ പരിപാടിയിൽ പൊയ്യ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളാണ് ജലയാത്ര നടത്തിയത്. കൊടുങ്ങല്ലൂർ നഗരസഭാ ചെയർപേഴ്സൺ എം.യു ഷിനിജ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ കെ.ആർ ജൈത്രൻ, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ എൽസി പോൾ, പൊയ്യ പഞ്ചായത്ത് പ്രസിഡണ്ട് ഡെയ്സി തോമസ്, വൈസ് പ്രസിഡണ്ട് ടി.എ. കുട്ടൻ, മുസിരിസ് പ്രൊജക്റ്റ് മാർക്കറ്റിങ് മാനേജർ ഇബ്രാഹിം സബിൻ, മ്യൂസിയം മാനേജർമാരായ സജ്ന വസന്തരാജ്, കെ.ബി. നിമ്മി, മിഥുൻ സി. ശേഖർ എന്നിവർ പങ്കെടുത്തു.

## എടവിലങ്ങ് പഞ്ചായത്ത് – ബോട്ടിങ്ങ്

മുസിരിസ് പദ്ധതി സെപ്റ്റംബർ 21ന സംഘടിപ്പിച്ച ജലയാത്രയിൽ പങ്കെടുത്ത എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു രാധാകൃഷ്ണൻ, മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ

## ചിറ്റാറ്റുകര പഞ്ചായത്ത് –ബോട്ടിങ്ങ്

മുസിരിസ് പദ്ധതി ജനപ്രധിനിധികൾക്കായി സെപ്റ്റംബർ 11ന സംഘടിപ്പിച്ച ജലയാത്രയിൽ പങ്കെടുത്ത ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശാന്തിനി ഗോപകുമാർ, മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ

## മാളപഞ്ചായത്ത്ബോട്ടിങ്

മുസിരിസ് പദ്ധതി ജനപ്രധിനിധികൾക്കായി ഒക്ടോബർ 09ന സംഘടിപ്പിച്ച ജലയാത്രയിൽ പങ്കെടുത്തഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു അശോക് മറ്റുജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ

## ചേന്ദമംഗലംപഞ്ചായത്ത് ബോട്ടിങ്

മുസിരിസ് പദ്ധതി ജനപ്രധിനിധികൾക്കായി ഒക്ടോബർ 09ന സംഘടിപ്പിച്ച ജലയാത്രയിൽ പങ്കെടുത്ത ഗ്രാമപഞ്ചായത്ത് പ്രസിർന്റ് ദിവ്യ ഉണ്ണികൃഷ്ണൻ മറ്റുജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ



# പറവൂർ–കൊടുങ്ങല്ലൂരിലെ പരമ്പരാഗത സ്വർണ്ണപ്പണി; മാറുന്ന മുഖച്ഛായ

ഡോ. ജെനി പീറ്റർ
കൃഷ്ണപ്രിയ,
U C കോളേജ്, ആലുവ

റിമ എം.എസ്.
മുസിരിസ് പൈതൃക പദ്ധതി

കൊളോണിയലിസവും വ്യവസായവൽക്കരണവും പത്തൊൻപതാം നൂറ്റാണ്ടിൽ ഇന്ത്യയിലെ പരമ്പരാഗത കരകൗശല വസ്തുക്കളുടെ അധപതനത്തിനു തുടക്കം കുറിച്ചു. തുടർന്നുള്ള  ആഗോളവൽക്കരണവും യന്ത്രവൽക്കരണവും പരമ്പരാഗത കരകൗശലമേഖല നാശോന്മുഖമായ അവസ്ഥയിലേക്ക് നയിക്കുകയാണ്. ഈ ലേഖനം സ്വർണ്ണപ്പണിക്കാരുടെ (തട്ടാൻ) തൊഴിൽ മാറ്റം, താമസ സ്ഥലം, വിശ്വാസ വ്യവസ്ഥയിലെ മാറ്റങ്ങൾ, ആധുനിക വൽക്കരണം, യന്ത്രവൽക്കരണം, കുലത്തൊഴിലിൽ നിന്ന്  ഇതര തൊഴിലുകളിലേക്കുള്ള പരിവർത്തനം തുടങ്ങിയവ പ്രതിപാദിക്കുന്നു. പരമ്പരാഗത കരകൗശല വിദഗ്ദർ മധ്യകാല കേരളത്തിന്റെ ഗ്രാമീണ ജീവിതത്തെയും സാംസ്കാരിക ചരിത്രത്തെയും വളരെയധികം സ്വാധീനിച്ചിരുന്നു. കമ്മാളർ എന്നു അവർ അറിയപ്പെട്ടിരുന്നു, പിന്നീട് വിശ്വകർമ്മ എന്ന പേരിൽ ബ്രാഹ്മണ സ്വാധീനത്താൽ പ്രസിദ്ധി ആർജ്ജിച്ചു. ഐങ്കുടിക്കമ്മലാർ അല്ലെങ്കിൽ അഞ്ച് കരകൗശല ഗ്രൂപ്പുകളിലൊന്നാണ് തട്ടാൻ. വിവിധ പ്രദേശങ്ങളിലേക്ക് കുടിയേറിയിരുന്നതിൽ പ്രഥമസ്ഥാനം ആർഹിക്കുന്ന തട്ടാർ കൂട്ടതലും പരമ്പരാഗത ആഭരണ നിർമ്മാണത്തിൽ തന്നെ ഏർപ്പെട്ടിരുന്നു. ഈ വിഭാഗം ജാതി വ്യവസ്ഥയിൽ മധ്യവർഗ്ഗമായിരുന്നു.

## പരമ്പരാഗത തട്ടാൻ സമൂഹം

എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ പട്ടണത്തിലെ തട്ടാൻ സമുദായത്തിന്റെ ഉത്ഭവം പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മധുരയിൽ (തമിഴ്നാട് ) നിന്നുള്ള കുടിയേറ്റവുമായി ബന്ധപ്പെട്ടിരിക്കുന്നു.

കേരളത്തിലെ ജനസംഖ്യാധിഷ്ഠിത ജാതി ക്രമത്തിൽ കമ്മാളർ ഉയർന്ന ജാതികളോ താഴ്ന്ന ജാതികളോ ആയി തിരിച്ചറിയുന്നില്ല. കേരളത്തിലെ മറ്റ് പല ജാതികളെ കുറിച്ചുള്ള പഠനങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഈ വിഭാഗത്തിന് ധാരാളം ചരിത്രരേഖകളും പുരാലിഖിതങ്ങളും തെളിവുകളായുണ്ട്. ഇവരുമായി ബന്ധപ്പെട്ടുള്ള ആദ്യകാല പുരാരേഖ  തെളിവുകൾ ഒൻപതാം നൂറ്റാണ്ടിലെ തരിസാപ്പള്ളി ചെപ്പേടിൽ കാണപ്പെടുന്നു. തൃക്കാക്കര ക്ഷേത്ര രേഖകൾ, നെടുംപുറം തളിക്ഷേത്ര ലിഖിതങ്ങൾ, തിരുനെല്ലി, തരിസാപ്പള്ളി ചെപ്പേടുകൾ എന്നിവ തട്ടാൻ സമുദായത്തെക്കുറിച്ചു വിവരിക്കുന്നുണ്ട് .

പിതൃപാരമ്പര്യം അനുഷ്ഠിച്ചു പോരുന്ന അണുകുടുംബങ്ങൾ ആണ് ഇപ്പോൾ സാധാരണയായുള്ളത്. കുടുംബത്തിലെ മൂത്ത മകൻ കുടുംബനാഥനായി കരുതി പോരുന്നു. നോർത്ത് പറവൂരിലെ തട്ടാൻ സമുദായം തമിഴും മലയാളവും എന്നീ രണ്ട് ഭാഷാ വിഭാഗങ്ങളിൽപെടുന്നു. തമിഴ് സംസാരിക്കുന്ന തട്ടാന്മാർ ശിവൻ, വിഷ്ണു, രാമൻ, കൃഷ്ണൻ, ദുർഗ്ഗ, കാളി, ഗണേശൻ, ലക്ഷ്മി (സമ്പത്തിന്റെ ദേവത, വിഷ്ണുവിന്റെ ഭാര്യ) എന്നിവരെയും കുടുംബം, വംശം, പ്രാദേശിക ദേവതകൾ എന്നിവരെയും ആരാധിക്കുന്നു. മലയാളി തട്ടാൻമാർ പ്രധാനമായും വിഷ്ണുവിനെയും ലക്ഷ്മിയെയും ആരാധിക്കുന്നു. അവർ തങ്ങളെ ആചാരപരമായി ശ്രേഷ്ഠരായി കരുതുന്നു. ഈ വിഭാഗത്തിലെ കുടിയേറ്റക്കാരെ ആശാരി എന്നും നാട്ടുകാരായവരെ തട്ടാൻ എന്നും അറിയപ്പെടുന്നു. ദേവശില്പിയായ വിശ്വകർമ്മയെ ഇന്ത്യയുടെ വിവിധ  ഭാഗങ്ങളിൽ ജാതിയുടെ പ്രത്യേക രക്ഷാധികാരിയായി ബഹുമാനിക്കുന്നു, പക്ഷേ കേരളത്തിലെ തട്ടാൻമാർക്കിടയിൽ അത്രത്തോളമില്ല.

# എന്തുകൊണ്ട് സ്വർണ്ണം

മനുഷ്യർ ഉപയോഗിക്കുന്ന ഏറ്റവും പഴക്കം ചെന്ന ലോഹങ്ങളിലൊന്നാണ് സ്വർണ്ണം. ഇത് ഒരു ഉത്തമ ലോഹമാണ് - കാരണം ഇത് മിക്ക മൂലകങ്ങളോടും പ്രതികരിക്കുന്നില്ല. ഇത് സാധാരണയായി അതിന്റെ നേറ്റീവ് രൂപത്തിൽ കാണപ്പെടുന്നു, ഓക്സീകരണം സംഭവിക്കാതെ സ്വാതന്ത്രമായി നിലനിൽക്കുന്നു എന്നത് മനുഷ്യനെ ഈ ലോഹത്തിലേക്ക് പ്രാചീന കാലം മുതൽക്കെ ആകർഷിക്കപ്പെട്ടിരുന്നു. തദ്ദേശീയമായി ലഭ്യമായതോ ഇറക്കുമതി ചെയ്തതോ ആയ എല്ലാ സംസ്കാരങ്ങളിലും മനുഷ്യർ സ്വർണ്ണം ഉപയോഗിച്ചിട്ടുണ്ട്. സ്വർണ്ണത്തിന്റെ പുരാതനത്വം ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ളതാണ്, കൂടാതെ ആധുനിക സ്വർണ്ണപ്പണിക്കാർ ഇപ്പോഴും ഉപയോഗിക്കുന്ന നിരവധി സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് സ്വർണ്ണം കൊണ്ടുള്ള വസ്തുക്കൾ നിർമ്മിച്ചിരുന്നത്.

സ്വർണ്ണത്തിന് അന്തർലീനമായ ഒരു സാമ്പത്തിക മൂല്യമുണ്ട്, വിലയും വിപണിയും സ്വർണ്ണപ്പണിക്കാരനെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമല്ല. ഒരു പരമ്പരാഗത സ്വർണ്ണപ്പണിക്കാരൻ ഒരു ചൂള ഉപയോഗിച്ച് സ്വർണ്ണമോ വെള്ളിയോ ഉരുക്കി അതിന്റെ കഷണങ്ങൾ ക്രൂസിബിൽ (മണ്ണിൽ നിർമ്മിച്ച കൊവ അല്ലെങ്കിൽ കൽമൂശ) തീയിൽ വച്ച് കുഴലിലൂടെ ഊതി ഉരുക്കുകയാണ് ചെയ്യുന്നത്. സ്വർണ്ണപ്പണിക്കാരുടെ പണിപ്പുരയിൽ വിവിധ തരത്തിലുള്ള ഇരുമ്പു ആയുധങ്ങൾ, പൊൻ കാരം നവസാരം, രസകർപ്പൂരം നൈട്രിക് ആസിഡ്, ഉണ്ണിത്തടി, അരക്ക്, ക്രൂസിബിൽസ്, വിവിധ തരം അച്ചുകൾ, തുടങ്ങിയവ ഉൾക്കൊള്ളുന്നു. പണിപ്പുരയിൽ കുടുംബത്തിലെ മുതിർന്ന അംഗം ജനങ്ങളുടെ ആവശ്യപ്രകാരം ആഭരണങ്ങൾ തയ്യാറാക്കി നൽകുകയാണ് ചെയ്യുന്നത്. കലാപരവും ക്രിയാത്മകവുമായ തരത്തിലുള്ള പരമ്പരാഗത ആഭരണങ്ങൾക്ക് ഉയർന്ന ഉൽപ്പാദനച്ചെലവും സമയവും ആവശ്യമായിവരുന്നു. മൺപാത്രങ്ങൾ, നെയ്ത്ത് എന്നിവയിൽ നിന്ന് വ്യത്യസ്തമായി സ്ത്രീകൾ ഒരിക്കലും പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരുന്നില്ല,.

തട്ടാൻ സമുദായത്തിന്റെ അധിവാസ കേന്ദ്രങ്ങൾ പ്രധാനമായും ആരാധനാലയങ്ങൾക്കും കൊട്ടാരങ്ങൾക്കും സമീപമായിരുന്നു. ഈ സമുദായത്തിന്റെ ഉത്ഭവ ചരിത്രം മധ്യകാലഘട്ടം വരെ പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പരമ്പരാഗത കരകൗശല സംഘങ്ങളായ ആശാരി, കൊല്ലൻ, തട്ടാൻ, വാണിയർ, ചാലിയർ, തുടങ്ങിയവർ ക്ഷേത്രപരിസരത്താണ് കൂട്ടമായി താമസിച്ചിരുന്നത്. തട്ടാൻ സമുദായത്തിന്റെ ഉത്ഭവത്തിൽ ക്ഷേത്രങ്ങൾക്കുള്ള പങ്ക് ആധുനിക കാലഘട്ടത്തിനു മുമ്പ് കേരളത്തിൽ കാണാം പ്രൊഫ. കേശവൻ വെളുത്താട്ടിന്റെ അഭിപ്രായത്തിൽ ഈ പരമ്പരാഗത കരകൗശല ഗ്രൂപ്പുകൾ സമൂഹത്തിൽ ക്ഷേത്രങ്ങൾ രൂപപ്പെടുന്നതിന് മുമ്പ് സ്ഥിരതാമസമാക്കിയിരുന്നു. തട്ടാൻ, ചെമ്പോട്ടി തുടങ്ങിയ ജാതികൾ ക്ഷേത്രനിർമ്മാണത്തിൽ ഉയർന്നുവന്നത് ലോഹനിർമ്മാണത്തിലെ വൈദഗ്ധ്യം കൊണ്ടാണ്. ക്ഷേത്രം അധികാര കേന്ദ്രമായി മാറിയപ്പോൾ, സ്വർണ്ണത്തിന്റെയും വെള്ളിയുടെയും വിലയേറിയ ആഭരണങ്ങളുടെയും നിലവറയായി കാലാന്തരങ്ങളിൽ അവ മാറി.

# പരമ്പരാഗത സ്വർണ്ണപ്പണിക്കാർ വിസ്മൃതിയിലേക്ക് മറയുന്നു

ആധുനിക ആഭരണ ബിസിനസിന്റെ വ്യാപനത്തോടെ, കരകൗശല സ്വർണാഭരണങ്ങളുടെ ആവശ്യം കുറഞ്ഞു, ഇപ്പോൾ അത് ഹിന്ദു പരമ്പരാഗത തൊഴിലാളികളുടെ കുത്തകയല്ല. ഇന്ന് വിവിധ സമുദായങ്ങളിൽ നിന്നുള്ള ആളുകൾ ജ്വല്ലറി ബിസിനസിൽ പ്രവേശിച്ചു. പരമ്പരാഗത ജാതി അധിഷ്ഠിത തൊഴിലിൽനിന്ന് ആഗോള സ്വർണ്ണ വ്യാപാര പങ്കാളിത്തത്തിലേക്ക് തട്ടാൻമാർ മാറി. പരമ്പരാഗത സ്വർണ്ണപ്പണിക്കാർ ഇപ്പോൾ അതിവേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്, പ്രത്യേകിച്ച് ഈ മേഖലയിലും പരിസരത്തും ജോലി ചെയ്തിരുന്ന 40 മുതൽ 60 ശതമാനം തൊഴിലാളികളും കഴിഞ്ഞ 15 വർഷമായി മറ്റു തൊഴിലുകളിലേക്ക് മാറിയിരിക്കുന്നു. മൊത്തവ്യാപാര വിപണനത്തിന്റെയും ഉയർന്ന നിലവാരമുള്ള ജ്വല്ലറി ഷോറൂമുകളുടെയും മത്സരത്തിനിടയിൽ അവർക്ക് നിലനിൽക്കാൻ ആയില്ല.

# കുടിൽ വ്യവസായം : പുനരുജ്ജീവനം മുസിരിസ് പൈതൃക പദ്ധതിയിൽ

നിരവധി നൂറ്റാണ്ടുകൾക്കുള്ളിൽ, മുസിരിസ് മേഖലയിലെ-വടക്കൻ പറവൂരിലെയും ഒപ്പം ചേന്ദമംഗലത്തെയും പരമ്പരാഗത ജീവിതശൈലികളുടെ ശേഷിച്ച സ്പന്ദനങ്ങളെ പല സംഭവങ്ങളും പ്രളയങ്ങളും നാമാവശേഷമാക്കി. എന്നാൽ, ഒരുകാലത്ത് എവിടെയോ വിസ്മൃതിയിലാണ്ട് തുടങ്ങിയ ചേന്ദമംഗലത്തെ വ്യത്യസ്തമായ കുടിൽ വ്യവസായത്തിന്റെ പ്രശസ്തി മുസിരിസ് പൈതൃക പദ്ധതിയിലൂടെ പുനരുജ്ജീവിപ്പിച്ചപ്പോൾ ഈ മേഖല അതിജീവനത്തിന്റെ പുതിയ അദ്ധ്യായം എഴുതി. മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി കൊച്ചി രാജാക്കന്മാരുടെ പ്രധാനമന്ത്രിമാരായിരുന്ന പാലിയത്ത് അച്ചന്മാരുമായി ബന്ധപ്പെട്ട ചരിത്ര പ്രാധാന്യമുള്ള വിവിധ സ്മാരകങ്ങൾ നവീകരിച്ച് പുനഃസ്ഥാപിച്ചു. ശിവക്ഷേത്രത്തിനടുത്തുള്ള കടകളാണ് അതിലൊരു സ്മാരകം. ഏകദേശം 300 വർഷം പഴക്കമുള്ള ഈ കെട്ടിടം പരമ്പരാഗത വ്യാപാരത്തിന് ഉപകരിച്ചു. ഒൻപത് കടകൾ നവീകരിച്ച് സ്വർണ്ണപ്പണി ഉൾപ്പെടെ മൺപാത്രങ്ങൾ, കൈത്തറി, ക്ഷേത്രകല തുടങ്ങിയ ഒമ്പത് കരകൗശല വിദഗ്ദർക്ക് പരമ്പരാഗത ശൈലി വിശദമാക്കികൊണ്ടുള്ള കച്ചവടത്തിനായി അനുവദിച്ചു.



# ആലപ്പുഴ
## പൈതൃക പദ്ധതി



ആലപ്പുഴയുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിയാണ് ആലപ്പുഴ പൈതൃക പദ്ധതി നടപ്പിലാക്കുന്നത്. കൊറോണാനന്തരകാലത്ത് ലോക ടൂറിസം ഭൂപടത്തിൽ ആലപ്പുഴയെ അടയാളപ്പെടുത്താൻ ആലപ്പുഴ പൈതൃക പദ്ധതിയിലൂടെ സാധിക്കും. ജീർണ്ണിച്ച് തുടങ്ങിയിരുന്ന തുറമുഖ ഗോഡൗണുകളും ഫാക്ടറി ഗോഡൗണുകളും ആലപ്പുഴ പൈതൃക പദ്ധതിയിലൂടെ പുനരുദ്ധരിക്കപ്പെട്ട് മ്യൂസിയങ്ങളായി മാറുകയാണ്. ആലപ്പുഴയുടെ മുഖച്ഛായ മാറ്റിക്കൊണ്ട് സൈക്കിൾ ട്രാക്കും, കടൽപ്പാലവും ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി നിർമ്മാണം ആരംഭിക്കുന്നതോടു കൂടി സമാനതകളില്ലാത്ത വികസന സാധ്യതകളാണ് ആലപ്പുഴയ്ക്ക് കൈവരുന്നത്.

കയർ ചരിത്ര മ്യൂസിയം, ലിവിങ് കയർ മ്യൂസിയം, യാൺ മ്യൂസിയം, ഗാന്ധി മ്യൂസിയം, ലേബർ മൂവ്മെന്റ് മ്യൂസിയം, തുറമുഖ മ്യൂസിയം എന്നീ മ്യൂസിയങ്ങളുടെ നിർമ്മാണം പൂർത്തിയാകുന്നതോടു കൂടി ആലപ്പുഴ ഒരു വിജ്ഞാന കേന്ദ്രമായി മാറും. ആലപ്പുഴയുടെ മതേതരത്വത്തിന്റെ പ്രതീകമായ മക്കാം മസ്ജിദ്, സൗക്കർ മസ്ജിദ് എന്നിവ പുനരുദ്ധാരണം നടത്തി സംരക്ഷിത പൈതൃക സ്മാരകങ്ങളായി പൊതു ജനങ്ങൾക്ക് തുറന്ന് നലകിയിട്ടുണ്ട്. ലിയോ സ്കൂളിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്ന് കൊണ്ടിരിക്കുന്നു.

ആലപ്പുഴ പൈതൃക പദ്ധതിയുടെ മേൽനോട്ടത്തിൽ നടക്കുന്ന കനാൽക്കര ശുചീകരണവും, ബീച്ച് സൈഡ് നവീകരണവും, മിയോവാക്കി കാടുകളും ആലപ്പുഴ നഗരത്തെ കൂടുതൽ മനോഹരമാക്കും.



# കനാൽ പരിസര ശുചീകരണം

ആലപ്പുഴ മുൻസിപ്പൽ കൗൺസിൽ ഹാളിൽ വെച്ച് 17 ജൂലൈ 2021 ശനിയാഴ്ച നടന്ന ആലോചന യോഗത്തിൽ ആലപ്പുഴയുടെ കനാൽക്കരകൾ ജനകീയ പങ്കാളിത്തത്തോടെ ശുചീകരിക്കാൻ തീരുമാനമായി. ഇതിന്റെ അടിസ്ഥാനത്തിൽ കനാലുകളുടെ ഇരു കരകളേയും 11 ബ്ലോക്കുകളായി തിരിച്ച് സന്നദ്ധരായ സംഘടനകൾക്ക് ശുചീകരണത്തിനായി നൽകി. പള്ളാത്തുരുത്തി മുതൽ ചുങ്കം വരെ മുസിരിസ് പൈതൃക പദ്ധതി നേരിട്ടും, ചുങ്കം മുതൽ ഇരുമ്പ് പാലം വരെ വ്യാപാരി ഏകോപന സമിതിയും, ഇരുമ്പ്പാലം മുതൽ കൊത്തുവാൾ ചാവടി വരെ കുടുംബശ്രീയും, കൊത്തുവാൾ ചാവടി മുതൽ കണ്ണൻ വർക്കി പാലം വരെ AIYF ഉം, കണ്ണൻവർക്കി പാലം മുതൽ മുപ്പാലം വരെ ദ്രവീഡിയൻ കൾചറൽ ഫോറവും, മുപ്പാലം മുതൽ ഉപ്പൂറ്റി പാലം വരെ മുൻസിപ്പൽ സ്റ്റാഫ് യൂണിയനും, മുപ്പാലം മുതൽ കല്ലൻ പാലം വരെ കൃഷി വകുപ്പും,







കല്ലൻ പാലം മുതൽ ശവക്കോട്ട പാലം വരെ ഡിവൈഎഫ് ഐ യും, ശവക്കോട്ട പാലം മുതൽ YMCA വരെ വ്യാപാരി സമിതിയും, YMCA മുതൽ പുന്നമട വരെ സ്പോർട്സ് കൗൺസിലും കനാൽ കരയുടെ ശുചീകരണം ഏറ്റെടുത്തു. ആഗസ്റ്റ് 31ന ചെയർ പേഴ്സൺ ശ്രീമതി സൗമ്യ രാജ് ജനകീയ പങ്കാളിത്തത്തോടെയുള്ള കനാൽക്കര പരിസര ശുചീകരണം ചടങ്ങ് ഉദ്ഘാടനം ചെയ്തു. വാർഡ് കൗൺസിലർ ശ്രീ. റീഗോ രാജു, അദ്ധ്യക്ഷനായി മുസിരിസ് പൈതൃക പദ്ധതി മാനേജിങ് ഡയറക്ടർ ശ്രീ. പി. എം. നൗഷാദ് സ്വാഗതം ആശംസിച്ചു. വൈസ് ചെയർമാൻ, ശ്രീ. പി.സ്. എം ഹുസ്സൈൻ മുഖ്യ പ്രഭാഷണം നടത്തി. ശ്രീമതി. ബിന്ദു തോമസ്, ശ്രീ. എ. ഷാനവാസ്, ശ്രീമതി ബീന രാജ്, ശ്രീ. കെ. ബാബു ശ്രീമതി വിനിത എന്നിവർ സന്നിഹിതരായിരുന്നു. മാർക്കറ്റിംഗ് മാനേജർ ഇബ്രാഹിം സബിൻ നന്ദി പറഞ്ഞു.

## പൂക്കൾ വിരിയും കനാൽ കരയിൽ

കനാൽക്കര ശുചീകരണം പൂർത്തിയാക്കിയ ഭാഗങ്ങളിൽ തുടർ പരിപാലന നടപടികളുടെ ഭാഗമായി കനാൽ കരകളുടെ സൗന്ദര്യ വത്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കൃഷി വകുപ്പിന് കീഴിലുള്ള കല്ലൻ പാലം മുതൽ മുപ്പാലം വരെയുള്ള പദ്ധതി പ്രദേശത്ത് വിത്തുകൾ നട്ട് പൂക്കൃഷി തുടങ്ങി

## ബോർഡുകൾ, വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചു

കനാൽക്കര ശുചീകരണത്തോടൊപ്പം തന്നെ തുടർ നടപടികളുടെ ഭാഗമായി മുപ്പാലത്തിന്റെ ഇരുകരകളിലും ന്യൂ മോഡൽ കയർ സൊസൈറ്റിയിലെ ആലപ്പുഴ പൈതൃക പദ്ധതിയുടെ ഫീൽഡ് ഓഫീസിലും വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുകയും, മാലിന്യ ശേഖരണത്തിന് ആലപ്പുഴ മുനിസിപ്പാലിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. സുസ്ഥിരവും സ്വച്ഛവുമായ പരിസ്ഥിതി നിലനിർത്തുന്നതിലെക്കായി മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കാൻ പൊതുജനങ്ങളെ ബോധവാന്മാരാക്കി കൊണ്ടുള്ള ഇൻസ്ട്രക്ഷൻ ബോർഡുകൾ മുപ്പാലത്തിന്റെ ഇരു കരകളിലും സ്ഥാപിച്ചു.

## ഇൻഫോർമേഷൻ സെന്റർ ആലപ്പുഴ പൈതൃക പദ്ധതി

ആലപ്പുഴ പൈതൃക പദ്ധതിയെകുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി പദ്ധതിയുടെ വിശദവിവരങ്ങൾ അറിയുന്നതിനായി ന്യൂ മോഡൽ കയർ സൊസൈറ്റിയിൽ ഇൻഫോർമേഷൻ സെന്റർ തുറന്നു പ്രവത്തിച്ചു തുടങ്ങി.







# ആലപ്പുഴയുടെ പ്രൗഢി കാഴ്ച്ചകൾക്കൊപ്പം പടക്കപ്പലും

ആലപ്പുഴയുടെ പോർട്ട് മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതിന് നാവികസേനയുടെ ഡീകമ്മീഷൻ ചെയ്ത ഫാസ്റ്റ് അറ്റാക്ക് ക്രാഫ്റ്റ് (ഇൻഫാക് ) ടി – 81 എന്ന യുദ്ധകപ്പൽ ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി. ഇസ്രായേലിന്റെ സഹകരണത്തോടെ 25മീറ്റർ നീളമുള്ളതും, 60 ടൺ ഭാരമുള്ളതുമായ അതിവേഗ യുദ്ധകപ്പലായ ഇൻഫാക് - 81, 1991 ജൂൺ 5ന് ഗോവയിലാണ് കമ്മീഷൻ ചെയ്തത്. തീരകടൽ സുരക്ഷയ്ക്കും കാവലിനും കമാൻഡോ ഓപറേഷനുകൾക്കും രക്ഷാപ്രവർത്തനങ്ങൾക്കും പ്രതിരോധപ്രവർത്തനങ്ങൾക്കും ഇൻഫാക്-81 നിയോഗിക്കപ്പെട്ടിരുന്നു.

കപ്പൽ ഏറണാകുളത്തുനിന്നും ജലമാർഗം തണ്ണീർമുക്കത്ത് എത്തിച്ച് പ്രത്യേക വാഹനത്തിൽ റോഡിലൂടെ ആലപ്പുഴയിൽ എത്തിക്കുകയായിരുന്നു. പഴയ കടൽ പാലത്തിനൊപ്പം 10ഏക്കർ സ്ഥലത്താണ് പോർട്ട് മ്യൂസിയം സ്ഥാപിച്ചിട്ടുള്ളത്. മ്യൂസിയത്തിന്റെ പ്രവേശന കവാടത്തിനടുത്ത് കപ്പൽ സ്ഥാപിക്കും. തുറമുഖ വകുപ്പിലേയും, മറ്റു വകുപ്പിലേയും ഉദ്യോഗസ്ഥരും പൈതൃക പദ്ധതി പ്രതിനിധികളും സന്നിഹിതരായിരുന്നു.








# ലോകമേ തറവാട്



'ലോകമേ തറവാട് ' സമകാലിക കലാ പ്രദർശനം (ആഗസ്റ്റ് 13 , 2021 ) വൈകീട്ട് 4ന് പുന:രുദ്ഘാടനം ചെയ്തു. ആഗസ്റ്റ് 14 മുതൽ പ്രദർശന വേദിയിലെ കലാസൃഷ്ടികൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. പൊതുമരാമത്ത്-ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ്, എം.എൽ.എ മാരായ പി.പി ചിത്തരഞ്ചൻ, എച്ച്. സലാം, ആലപ്പുഴ മുനിസിപ്പൽ ചെയർ പേഴ്സൺ സൗമ്യ രാജ്, മുനിസിപ്പൽ വൈസ് ചെയർമാൻ പി.എസ്.എം ഹുസൈൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേശ്വരി, ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. റിയാസ് റഹിം, മുസ്സിരിസ് പൈതൃക പദ്ധതി എം.ഡി. പി.എം. നൗഷാദ്, കൊച്ചി ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമചാരി, ട്രസ്റ്റി ബോണി തോമസ് എന്നിവർ ഉദ്ഘാടന ചടങ്ങിൽ സന്നിഹിതരായി. ബോസ് കൃഷ്ണമചാരി ക്യൂറേറ്റ് ചെയ്യുന്ന പ്രദർശനത്തിൽ 267 ആർട്ടിസ്റ്റുകളുടെ സൃഷ്ടികളാണുള്ളത്. കഴിഞ്ഞ ഏപ്രിൽ 18 ന് ഉദ്ഘാടനം ചെയ്തിരുന്ന പ്രദർശനം കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ താൽക്കാലികമായി അടച്ചിരുന്നു. ആലപ്പുഴ പോർട്ട് മ്യൂസിയം, കൊയർ കോർപറേഷൻ, ന്യൂ മോഡൽ സൊസൈറ്റി, ഈസ്റ്റേ പ്രൊഡ്യൂസ് കമ്പിനി ലിമിറ്റഡ്, വില്യം ഗുഡാക്കർ ആന്റ് സസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവിടങ്ങളിലും കൊച്ചി ഡർബാർ ഹാളിലുമാണ് പ്രദർശനം കൊച്ചി ബിനാലെ ഫൗണ്ടേഷനാണ് പ്രദർശനത്തിന്റെ സംഘാടകർ. സംസ്ഥാന ടൂറിസം, സാംസ്കാരിക വകുപ്പുകൾ, മുസ്സിരിസ് പൈതൃക പദ്ധതി, ന്യൂ മോഡൽ സൊസൈറ്റി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്റ്റ്സ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യൻ ഇന്റീരിയർ ഡിസൈനേഴ്സ് എന്നിവ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പ്രദർശനത്തെ പിന്തുണക്കുന്നുണ്ട്.

# ഗാന്ധി ജയന്തി

ഗാന്ധി ജയന്തി ദിനത്തോട് അനുബന്ധിച്ച് ആലപ്പുഴ പൈതൃക പദ്ധതിയും ജില്ലാ പോലീസ് സേനയും സംയുക്തമായി എസ്.പി ഓഫീസിന് മുൻപിലുള്ള കനാൽ പരിസരം ശുചികരിച്ചു, അമ്പലപ്പുഴ എം.എൽ.എ. എച്ച്. സലാം, ആലപ്പുഴ എസ്.പി. ജയ്ദേവ് ജി. IPS മുനിസിപ്പൽ ചെയർ പേഴ്സൺ സൗമ്യ രാജ്, മുസിരിസ് മാനേജിംഗ് ഡയറക്ടർ പി.എം. നൗഷാദ് എന്നിവർ നേതൃത്വം നൽകി.



# പുരാവസ്തു അവശേഷിപ്പുകൾ

| | |
|---|---|
| മ്യൂസിയം | : പട്ടണം ചിൽഡ്രൻ മ്യൂസിയം |
| പുരാവസ്തുവിന്റെ പേര് | : ക്രൂസിബിൾ |
| മെറ്റീരിയൽ | : കളിമണ്ണ് |
| വലിപ്പം | : 4-7 cm |

## പുരാവസ്തു ഉത്ഘനന പ്രദേശത്തിന്റെ വിവരണം:

പട്ടണം എന്ന പുരാവസ്തു ഉത്ഘനന പ്രദേശങ്ങളിൽ നിന്നുമാണ് മുകളിൽ സൂചിപ്പിച്ച മൺപാത്രശകലങ്ങൾ കണ്ടെടുത്തിരിക്കുന്നതു. ഈ പ്രദേശം (N. Lat. 10°09.434'; E. Long. 76°12.587'), കേരളത്തിലെ എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിലെ വടക്കേക്കര ഗ്രാമത്തിലാണ് സ്ഥിതി ചെയ്യുന്നത്.




## പുരാവസ്തു വിവരണം:

ഉത്ഘനനത്തിൽ നിന്നും കുട്ടികൾ കളിക്കുന്ന ഹോപ് സ്കോച്ചുകൾ, കളിമണ്ണിൽ നിർമിച്ച കളിപ്പാട്ടചക്രങ്ങൾ, പന്തുകൾ, വിളക്കുകൾ, ലോഹങ്ങൾ ഉരുക്കുന്നതിനുള്ള കളിമൺപാത്രങ്ങൾ എന്നിങ്ങനെ വ്യത്യസ്ത തരം വസ്തുക്കൾ കണ്ടെത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ വളരെ ഉയർന്ന താപനിലയെ ചെറുക്കുന്ന തരത്തിലുള്ള ഒരു സെറാമിക് കണ്ടെയ്നറാണ് ക്രൂസിബിൾ. സാധാരണയായി ആദ്യകാലങ്ങളിൽ ലോഹം, ഗ്ലാസ്, ചായക്കൂട്ടുകൾ എന്നിവയുടെ ഉത്പാദനത്തിനായി ഉപയോഗിച്ചിരുന്നു. വൃത്താകൃതിയിൽ അടിത്തറയുള്ള ഒരു ആഴമില്ലാത്ത പാത്രമാണിത്. ചൂളകൾക്കുള്ളിൽ ഇരിക്കാൻ തക്കവണ്ണമുള്ള നേർത്ത വശങ്ങളും പരന്ന അടിത്തറകളുമുണ്ട്. മകുടികൾ ഉപയോഗിച്ചാണ് സാധാരണയായി ക്രൂസിബിളിൽ വെച്ചിരിക്കുന്ന വസ്തുക്കൾ ചൂടാക്കുന്നത്. നൂറുകണക്കിന് വ്യത്യസ്ത വലിപ്പത്തിലുള്ള ക്രൂസിബിൾ ശകലങ്ങൾ (CRF) വിവിധ ട്രെഞ്ചുകളിൽ നിന്ന് കണ്ടെടുത്തിട്ടുണ്ട്. പാത്രത്തിന്റെ വക്കുകളിൽ കാണുന്ന കറുപ്പും, അടിഭാഗത്തെ ഘനവും സൂചിപ്പിക്കുന്നത് ഇത് മുകളിൽ നിന്ന് ചൂടാക്കിയിരിക്കാമെന്നാണ്.

അച്ചടി & പ്രസിദ്ധീകരണം : നൗഷാദ് പി.എം., മാനേജിംഗ് ഡയറക്ടർ, മുസിരിസ് പ്രൊജക്ട്സ് ലിമിറ്റഡ്, കൊടുങ്ങല്ലൂർ, തൃശ്ശൂർ, കേരള - ഫോൺ 0480 2807717